GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**24-06-2021**

# കാർഷികവാർത്തകൾ

## 1. പശുഡയറി യൂണിറ്റുകൾക്ക് അപേക്ഷ ക്ഷണിച്ചു

ക്ഷീരവികസന വകുപ്പിന്റെ 2021-22 ലെ വാർഷിക പദ്ധതിയിലെ മിൽക്ക്ഷെഡ്സ് ഡെവലപ്പ്മെന്റ് പ്രോഗ്രാം (എം.എസ്.ഡി.പി) എന്ന പദ്ധതിയിൽപ്പെടുത്തി ക്ഷീരകർഷകർക്ക് പശു ഡയറി യൂണിറ്റ്, കാലിത്തൊഴുത്ത് നിർമ്മാണ-നവീകരണം തുടങ്ങി വൈവിധ്യങ്ങളായ പദ്ധതികൾക്ക് ധനസഹായത്തിന് പത്തനംതിട്ട ജില്ലയിൽ അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക് ബ്ലോക്ക് ക്ഷീരവികസന ഓഫീസുകളുമായി ബന്ധപ്പെടേണ്ടതാണ്.

## 2. അറിയിപ്പ്

വാണിജ്യാടി സ്ഥാനത്തിലുള്ള ആട് വളർത്തൽ പദ്ധതിയിലേക്ക് ആടുവളർത്തലിൽ മുൻപരിചയമുള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ജൂലൈ 15 ആണ്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടുക.

## ഓൺലൈൻ പരിശീലനങ്ങൾ

3. ക്ഷീരവികസന വകുപ്പിന്റെ വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിനോടനുബന്ധിച്ചുള്ള 'തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്ര'ത്തിൽ വച്ച് ഇന്ന് **ആദായകരമായ പാലുൽപാദനത്തിന് തീറ്റപ്പുൽകൃഷി** എന്ന വിഷയത്തിൽ ക്ഷീരകർഷകർക്കായി ഗൂഗിൾ

മീറ്റ് മുഖേന പരിശീലന പരിപാടി സംഘടിപ്പിച്ചിരിക്കുന്നു. പങ്കെടുക്കാൻ താൽപര്യമുള്ളവർ ഇനി പറയുന്ന ഫോൺ നമ്പരിലോ ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടേണ്ടതാണ്. ഫോൺ നമ്പർ: **940083181,** ഇ-മെയിൽ: sfftraining2021@gmail.com.

**4.** തിരുവല്ല മഞ്ഞാടിയിലെ ഡക്ക് ഹാച്ചറി ആൻഡ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഇന്നും നാളെയുമായി **മുട്ടക്കോഴി വളർത്തൽ** എന്ന വിഷയത്തിൽ സൗജന്യ ഓൺലൈൻ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടുക. **9188522711.**

5. **ആലുവ മൃഗസംരക്ഷണ പരിശീലന** കേന്ദ്രത്തിൽ വച്ച് നാളെ (25 ന്) ക്യാറ്റിൽ ഫാം മാനേജ്മെന്റ്, 30-ന് നായ്ക്കളിലെ പ്രത്യുത്പാദനവും പ്രജനന രീതികളും എന്നീ വിഷയങ്ങളിൽ ഗൂഗിൾമീറ്റ് മുഖേന പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. താൽപര്യമുള്ള കർഷകർ **9188522708** എന്ന നമ്പരിൽ ബന്ധപ്പെടേണ്ടതാണ്.

6. **ഓ**ച്ചിറ ക്ഷീരോൽപ്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന രാവിലെ പതിനൊന്ന് മണി മുതൽ വെർമികമ്പോസ്റ്റ് നിർമ്മാണം വിപണനം എന്ന വിഷയത്തിൽ ഓൺ ലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന ഫോൺ നമ്പരുകളിൽ ബന്ധപ്പെടേണ്ടതാണ്. - **0476 2698550, 8075028868**

7. **മുട്ടക്കോഴികുഞ്ഞുങ്ങളുടെ മഴക്കാല പരിപാലനം**

- വിരിഞ്ഞിറങ്ങിയ കോഴിക്കുഞ്ഞുങ്ങൾക്ക് അഞ്ചാഴ്ച്ച വരെ ബ്രൂഡിംങ്ങ് ലഭ്യമാക്കുക.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

- മുട്ടക്കോഴികളുടെ ഉൽപാദന മികവിന് പതിനാറു മണിക്കൂർ വെളിച്ചം ഉറപ്പാക്കണം. മഴക്കാലത്ത് പകൽ വെളിച്ചം കുറവായതിനാൽ ബൾബുപയോഗിച്ച് കൃത്രിമ വെളിച്ചം നൽകണം.

- തറവിരിപ്പിൽ വളർത്തുന്ന മുട്ടക്കോഴികൾക്ക് വിരിപ്പിന്റെ ഈർപ്പത്തിന്റെ അളവ് മുപ്പത് ശതമാനത്തിൽ കൂടാതെ ശ്രദ്ധിക്കണം. ഈർപ്പം ഉയരുന്നത് ന്യുമോണിയ, കോക്സീഡിയോസിസ് തുടങ്ങിയ രോഗങ്ങൾ ഉണ്ടാകാൻ കാരണമാകും.

**8. തിരുവനന്തപുരം ജില്ലയിലെ കർഷകർക്കായുള്ള കാർഷിക നിർദ്ദേശങ്ങൾ**

- നെൽകൃഷിക്കാരുടെ ശ്രദ്ധയ്ക്ക് - ഈ മാസം ഞാറു പറിച്ചുനടീൽ പൂർത്തിയാക്കണം. നാടൻ ഇനങ്ങൾക്ക് ഏക്കൊന്നിന് 40 കിലോ ഫാക്ടംഫോസ് 7 കിലോ പൊട്ടാഷ് 9 കിലോ യൂറിയ എന്നതോതിലും മുന്തിയ ഇനങ്ങൾക്ക് ഏക്കറൊന്നിന് 70 കിലോ ഫാക്ടംഫോസ് 12 കിലോ പൊട്ടാഷ് 10 കിലോ യൂറിയ എന്ന അളവിലും അടി വളമായി നൽകണം.

- ചെന്നീരൊലിപ്പ് രോഗം തടയുവാനായി തെങ്ങിൻ തോപ്പുകളിൽ നീർവാർച്ച ഉറപ്പാക്കണം. രോഗം ബാധിച്ച ഭാഗങ്ങൾ മുറിച്ചുമാറ്റി പത്തുശതമാനം വീര്യമുള്ള ബോർഡോ കുഴമ്പ് തേയ്ക്കണം.

- കാൽസ്യത്തിന്റെ അഭാവത്തിൽ വാഴയിലകൾ കട്ടികൂടുകയും ഇടകലർന്ന പച്ചയും മഞ്ഞയും നിറങ്ങൾ ഉണ്ടാകുകയും ചെയ്യും. വാഴയൊന്നിന് ഒരു കിലോ കുമ്മായം നാലു തവണയായി നൽകാം.